
# നവജ്യോതിസ്സ്



പി.എച്ച്.എസ്സ് കളനട








# സന്ദേശം

ഹൈടെക് സ്കൂൾകുട്ടികൾക്കുള്ളഐ.ടികൂട്ടായ്മയായലിറ്റൽകൈറ്റ്സ്എന്നപ്രസ്ഥാനം സാങ്കേതികവിദ്യയോടുള്ളപുതുതലമുറയുടെആഭിമുഖ്യംഗുണപരമായുംസർഗ്ഗാത്മക മായും വളർത്തി എടുക്കാൻ കഴിയുംഎന്ന്നമ്മുടെകുട്ടികൾതെളിയിച്ചിരിക്കുന്നു.ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കുട്ടികൾക്ക് ഐ.ടി മേഖലയിലെ കഴിവുകളും ശേഷിയും മെച്ചപ്പെടുന്നതായി മനസ്സിലാക്കാൻ കഴിയുന്നു. ഈ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് നേതൃത്വം നൽകുന്ന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് നമ്മുടെ സ്കൂളിനും പുതുതലമുറയും അഭിമാനമായി മാറട്ടേ എന്ന് ആശംസിക്കുന്നു.

പി.ഓമനയമ്മ (പ്രഥമാധ്യാപിക)

**ഉള്ളടക്കം**

ലിറ്റിൽ കൈറ്റ്സ്..........2
അമ്മ..........3
മലയാളം..........4
കേരളഗാനം..........5
വാക്കുകൾ സർഗതാലങ്ങൾ..........6
നാളെയുടെ കലാകാരി..........8
കൃഷ്ണപുരംകൊട്ടാരം വിവരണം..........9
വേഗമുറങ്ങൂ..........10
കവിതയോട്..........12
ചേച്ചിയുടെ സമ്മാനം കഥ..........13
Newton's Law..........15
മാണിക്യവീണ..........16
പരിസ്ഥിതി പ്റാധാന്യമുള്ള ദിനങ്ങൾ..........17
ഹൃദയം..........18
ബാല്യകാലത്തിലെ..........19
മഴ..........19
കാക്കയുടെ ബുദ്ധി..........20
യോഗ..........21
കരയുന്ന പൂക്കൾ..........22
ഗാന്ധിസാഹിത്യസംഗ്രഹം..........24
കുട്ടിക്കാലം..........25
O. Henry..........26
ഉലകം ചുറ്റും തുലാത്തുമ്പികൾ..........27

## ലിറ്റിൽ കൈറ്റ്സ്

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലന പരിപാടികളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. വിവിധ മേഖലകളിലുള്ള അടിസ്ഥാനമായ നൈപുണികൾപരിചയപെപെടുത്തുന്നതിന് അവസരം നൽകി. ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലകൾ പരിശീലനപദ്ധതിയിൽ ഉൾപ്പെട്ടുതതിയിരിക്കുന്നത്.

## അമ്മ

കഥ

സന്ധ്യയായിട്ടും അപ്പുവിന്റെ വീട്ടിൽ ആളുകൾ ഒഴിഞ്ഞിരുന്നില്ല. അച്ഛൻഒന്നുംമിണ്ടാതെഉമ്മറപ്പടിയിൽഇരിക്കുന്നു .കണ്ണുകൾ നിറഞ്ഞൊഴുകുന്നു.അപ്പുപ്പൻ അവനെ അരികിൽ വിളിച്ച് മാറോടണച്ച് പുണർന്നു.

"അമ്മയെ ഇതുവരെ കണ്ടില്ലല്ലോ?"

അപ്പുവിന്റെ മുഖത്ത് പരിഭവമുണർന്നു.അവനെ വിട്ട് അമ്മ മറ്റൊരു ലോകത്തേക്ക് പോയത് അവനറിഞ്ഞിരുന്നില്ല.ചേച്ചിയ്ക്കും വിഷമമാണ്.അന്ന് നവംബർ 21.അച്ചുവിന്റെ പിറന്നാൾ.ഈ അവസ്ഥയിൽ എങ്ങനെയാണ് ആഘോഷിക്കുന്നത്?.അമ്മയെ കാണാത്തതിൽ അപ്പുവിന് നല്ല വിഷമമുണ്ടായിരുന്നു.അവൻ ഉമ്മറപ്പടിയിൽ നിന്ന് ഇറങ്ങി നടന്നു.തനിക്ക് വിഷമമുള്ള പിറന്നാൾ സമ്മാനവുമായി തന്റെ അമ്മ മറ്റൊരു ലോകത്തേക്ക് ചിറകടിച്ചു പോയെന്ന് അവൻ അപ്പോഴും അറിഞ്ഞിരുന്നില്ല.......


സുകന്യ

## മലയാളം

മലയാളനാടേ നിൻ മാറിലാരോ
മലർമാല ചാർത്തുന്ന മഞ്ചിമകൾ
വിജയിപ്പു ഞങ്ങൾ പിറന്നനാടേ....
വിജയശ്രീ നിത്യം പുലർന്ന വീടേ
കരൾ കക്കും നിൻ കളിത്തോപ്പിൽ എത്ര
കവികോകിലങ്ങൾ പറന്നുപാടി
അവിരളോന്മാദം തരുന്ന ഞങ്ങൾ
കവർപ്പെയ്യു കാകളിതേൻ മഴകൾ
പരശതം വർഷങ്ങൾക്കപ്പുറത്ത്
പരിചേരും തുഞ്ചൻപ്പറമ്പിലെന്നോ
ഒരുകൊച്ചു തത്തമ്മ കുട്ടിക്കുട്ടി.
അഖിലവേദാന്ത പുരാണതത്ത്വ
മവളാത്തമോദം എടുത്തുപ്പാടി
അഴകുറ്റ ഗാനമേ നിന്റെ മുൻപ്പിൽ
തൊഴുകൈപ്പൂ മുട്ടുമായി നിൽപ്പൂഞങ്ങൾ

## കേരളഗാനം

ജയ ജയ കോമള കേരളധരണി
ജയ ജയ മാമക പൂജിതജനനി
മലയജസുരഭില മാരുതനേൽക്കും
മലയാളം ഹാ! മാമക രാജ്യം!
കല്പ്കതരുനികരങ്ങൾ നിരക്കും
കല്പിതഭ്രുവാണെന്നുടെ രാജ്യം!
കളകളമോതിയിണങ്ങിവരുന്നൊരു
സലിലസമൃദ്ധം മാമകരാജ്യം.
തുഞ്ചശുകീകളകണ്ഠ്നിനാദം
തഞ്ചുംമാമക മലയാളത്തിൽ



മാമകമോഹം മാമകഗേഹം
മാമകനാകം മാമകവിലയം-

ബോധേശ്വരൻ[1]

---


1ബോധേശ്വരൻ

സ്വാതന്ത്രസമരസേനാനിയും കവിയുമായിരുന്ന ബോധേശ്വരൻ. കവയിത്രി സുഗതകുമാരിയുടെ പിതാവ്.

## വാക്കുകൾ സർഗതാലങ്ങൾ

ആ പ്രായത്തിലാണ്,
എന്നെത്തേടി
കവിത വന്നണഞ്ഞത്.
എനിക്കറിയില്ല,
എവിടെ നിന്നാണ്ത് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽനിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽനിന്നോ
എങ്ങനെയാ,ണെപ്പോളാണെന്നും
എനിക്കറിയില്ല.........

-- പാബ്ലൊ നെരൂദ[2]



[2] ചിലിയിലെ കവിയുംചിന്തകനും

# ക്കുട്ടുകാരൻ

ക്കുട്ടുകൂടാനയൊന്റെ
ക്കൂട്ടുതേടിയണഞ്ഞൊരു
കുഞ്ഞാറ്റകിളി..........
കാറ്റിനോട്ട കഥ മെനഞ്ഞും
കടലിനോട്ട കളി പറഞ്ഞും
കാടായ കാടെല്ലാം മെടായ മെടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടി നോക്കി
കൊക്കുരുമ്മി ചിറകുരുമ്മി
കിലുകളിലെ കൊഞ്ചി ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറിയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാ, മൊന്റെ
കരളിന്റെ കരളായ
കളിക്കുട്ടുകാരൻ........


-പാർവ്വതി

## നാളെയുടെ കലാകാരി

കിഴക്കൻ ആകാശത്ത് സൂര്യൻ ഉദിച്ചുവരുന്നതേയുള്ളൂ.അന്ന് മീനുവിന്റെ പിറന്നാളാണ്.രാവിലെ എണീറ്റയുടൻ അവൾ അമ്മയുടെയടുത്തെത്തി.അമ്മ തിരക്കിലാണ്. അച്ഛൻ കടയിൽ പോയിരുന്നു.അവൾ മുത്തശ്ശിയോടൊപ്പം അമ്പലത്തിൽ പോയി.വരമ്പിൽ കൂടി കളിച്ച് ചിരിച്ച് അവൾ അമ്പലത്തിൽ നിന്നു തിരികെ വീട്ടിലെത്തി.വീടിന്റെ മുമ്പിൽ എത്തിയതും അവൾ അദ്ഭുതപ്പെട്ടു.അവൾക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല.അവളുടെ പ്രിയപ്പെട്ട ഗംഗടീച്ചറ് വന്നിരിക്കുന്നു.ടീച്ചറിന്റെ കയ്യിലിരുന്ന പുസ്തകം അവൾക്കു നേരെ നീട്ടി. അവൾ ആ പുസ്തകം തുറന്നു നോക്കി. അതിൽ അവളെഴുതിയ കവിതയുണ്ടായിരുന്നു. അവളുടെ കണ്ണുകൾ സന്തോഷം കൊണ്ടു നിറഞ്ഞു.നാളെയുടെ കലാകാരിയായതിന്റെ സന്തോഷം.

പഞ്ചായത്ത് സ്കൂൾ കുളനട

**കൃഷ്ണപുരംകൊട്ടാരം** **വിവരണം**



കൃഷ്ണപുരം കൊട്ടാരം കായംകുളം രാജാക്കൻമാരുടെ ആസ്ഥാനങ്ങളിൽ ഒന്നായിരുന്ന കൃഷ്ണപുരം കൊട്ടാരം. ഇവരുടെ ആസ്ഥാനം ആദ്യം മാവേലിക്കരയ്ക്കയ അടുത്തുള്ള കണ്ടിയൂർമറ്റം എന്ന സ്ഥലത്തായിരുന്നു എന്നും പിന്നീട് അത് എരുവയിലേക്കും കൃഷ്ണപുരത്തേക്കും മാറ്റിയപ്പോൾ തമ്പുരാട്ടിമാർ എരുവയിലുംതമ്പുരാക്കൻമാർ

കൃഷ്ണപുരത്തുംതാമസ്സിച്ചഎന്നുപറയാം.
വലിയമതിൽകെട്ടിനുള്ളിൽഇരുനിലമാളികയായി പണിഞ്ഞിട്ടുള്ള കൃഷ്ണപുരം കൊട്ടാരം കേരളീയ വാസ്തുശില്
പവിദ്യയ്ക്ക് ഉത്തമ മാതൃകയാണ്.

BY
Praveen

**വേഗമുറങ്ങൂ.....**

വേഗമുറങ്ങൂ മകളേ വെയിൽ,
ചായുന്ന കൊന്നപ്പൂപ്പോലെ
അമ്പിളി പൊൻതിടമ്പേന്തും കരിം-
കൊമ്പനായ് രാത്രി വരുന്നു.

മാനും മുയലും ഉറങ്ങീ,കാടും
ആറും കടലുമടങ്ങീ
പായലിൻ മീൻമിഴി പൂട്ടീ,നീല-
ക്കായലിൻ സ്വപ്നമായ് സൂര്യൻ
പക്ഷിയും പാട്ടും മടങ്ങീ കൂട്ടിൽ,
അക്ഷരം ഏട്ടിൽ മയങ്ങീ.

നീ ഉറങ്ങുമ്പോൾ മകളേ,ലോകം
നീലമയിലിനെപ്പോലെ,
നിൻ മിഴിക്കുള്ളിൽ,മകളേ കല്ലും
പുല്ലും ഏറുന്നു ചിറകിൽ.
നീ മയങ്ങുമ്പോൾ കിനാവിൽ കൊട്ടും-
പോർനിലം പൂക്കളമാകും
അമ്മയില്ലാതവർക്കെല്ലാം അപ്പോൾ

അമ്മയായ് ഞാൻ നിലാവാകും.

വറ്റും പുഴയിൽ നീർ പാട്ടും,തളിർ

മുറ്റും ഉണങ്ങിയ കാട്ടിൽ.

വേഗമുറങ്ങും മകളേ,രാവിൻ

പൂമരം പൂത്തുലയുന്ന


കാറ്റിൻ ചുമലിലെ കാണാച്ചെണ്ട

ചാറ്റൽമഴ തന്നിരമ്പം

വേഗമുറങ്ങൂ മകളേ ,വേഗം

വേഗമുറങ്ങും മലരേ

-സച്ചിദാനന്ദൻ[3]



3 തൃശ്ശൂർ ജില്ലയിൽ ജനിച്ചു.കേരളസ്ഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്

**കവിതയോട്**

എന്തിനു താമസിപ്പതംബികേ,നിന്നുണ്ണിയാ-

മെൻ മുന്നിലണവയുവാ?നെഞ്ഞ നീ മറഞ്ഞിതോ?

എത്രനാളമ്മേ, നിന്നെത്തിരഞ്ഞുംകൊണ്ടീവിധം

ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടൂ?

പൂർവാശയാറ്റുനോറ്റു സമ്പാദിച്ചോരു തങ്ക-

പ്പൂങ്കുമാരനെയങ്ങു പൊൽച്ചാറിൽ മുക്കി മുക്കി

നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും-

നേരത്തു നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ

ആ മണിമുറ്റത്തു നിൻ സ്മിതത്തുവൊളിയെന്യേ

## ചേച്ചിയുടെ സമ്മാനം  കഥ

ഓ അച്ചുവിന്റെ പിറന്നാളാണ്.സൂര്യൻ കിഴക്കൻ ചക്രവാളത്തിൽ ഉദിച്ചുയർന്നിട്ടും അച്ചു ഉണർന്നിരുന്നില്ല.ഒരു പഞ്ചവർണ്ണക്കിളി ജനലിനരികിൽ നിന്ന് നീട്ടിവിളിച്ചു. അച്ചു ഞെട്ടിയുണർന്നു.അച്ചൂ......... എന്നാണ് കിളി വിളിച്ചതെന്ന് അവന് തോന്നി. അടുക്കളയിൽ എത്തിയപ്പോൾ അമ്മ തിരക്കിലാണ്. അച്ഛൻ കേക്ക് വാങ്ങാൻ കടയിൽ പോയിരുന്നു.

"ചേച്ചിയെത്തിയിട്ടില്ലല്ലോ"

അച്ചു ചിന്തിച്ചു.അവന്റെ ചേച്ചി ദൂരെ നിന്നാണ് പഠിക്കുന്നത്.

"അച്ചു വാ.... എണ്ണ തേയ്ക്കാം "

അമ്മ വിളിച്ചു.കയ്യിൽ കരുതിയ എണ്ണ അമ്മ അവന്റെ തലയിലേക്ക് തേച്ചുപിടിപ്പിച്ചു.മുത്തശ്ശിയുടെ കൂടെ അമ്പലത്തിൽ പോയി. അമ്പലത്തിൽ നിന്ന് തിരിച്ച് വീട്ടിലെത്തി.

"ഹാപ്പി ബർത്ത്ഡേ"

ചേച്ചിയെത്തിയിരിക്കുന്നു.അച്ചുവിന്റെ കണ്ണുകൾ വിടർന്നു.അവൻ ഓടി ചേച്ചിയുടെ അടുത്തെത്തി.

"ദാ നോക്കൂ നിനക്കുള്ള സമ്മാനം".

അച്ചു സമ്മാനം തുറന്നുനോക്കി.ഒരു പഞ്ചവർണ്ണക്കിളി.

"കിങ്ങിണി"

"ആഹാ ഇത്ര പെട്ടെന്ന് പേരും ഇട്ടോ".

അമ്മ അത്ഭുതപ്പെട്ടു.വീടിന്റെ ഒരു കോണിൽ കിങ്ങിണിയ്ക്കുള്ള കൂടൊരുക്കി.രാത്രിയിൽ ഉറക്കത്തിലേക്ക് വഴുതി വീഴുമ്പോഴും അവന്റെ മനസ്സിൽ കിങ്ങിണിയായിരുന്നു.

കിങ്ങിണി മാത്രം...........

-സുകന്യ[4]

4 ലിറ്റിൽ കൈറ്റ്സ് അംഗം.

# Newton's Law

I was inattentive in science class one day
When the teacher at random looked my way
I didn't look up, I wouldn't dare
There's no escaping that intense glare.

Asked me to explain to the class
Newton's law of gravity and mass
My mind was a blank, heartbeats louder
For an answer I started to flounder.

I stood before the class trembling with fear
“Gravity”, I said... and then oh dear!!!
I fell off the stage on to the floor
How the class with laughter did roar.

The children tittered in great amusement
They didn't know my sad predicament
The teacher said, “you've demonstrated gravity”
“Although you did it with much Ievity”.

At length I returned to my seat
With much applause did they greet
Now I look back upon this and ponder
I decide to listen and not let my mind wander.

## മാണിക്യവീണ

വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ,
ജീവന്ത നൂതനോന്മേഷം പകർന്നിടും
ദേവഭാഷാമൃതം ചേർന്ന ഭാഷേ,
നിന്മുലപ്പാലിന്റെ വീര്യമുൾക്കൊണ്ടതെൻ
ജന്മജന്മാന്തരപുണ്യമല്ലേ.
വശ്യമാം ശൈലിയിൽ നിന്നെജ്ജയിപ്പൊരു
വിശ്വമനോഹരഭാഷയുണ്ടോ.
താളമിട്ടാടുന്ന തെങ്കടൽക്കല്ലോല-
പാളി നിൻ ഗാനങ്ങൾ കേട്ടിടുമ്പോൾ;
താനമായ്ത്തീരുന്നു നാളികേരദ്രുമ-
താലപത്രാന്തര മർമ്മരങ്ങൾ;

- വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

പരിസ്ഥിതി പ്റാധാന്യമുള്ള ദിനങ്ങൾ

| | | |
|---|---|---|
| ജൂൺ | 5 | ലോകപരിസ്ഥിതി ദിനം |
| ജൂൺ | 8 | ലോകസമുദ്റദിനം |
| ജൂൺ | 20 | സൗരോർജദിനം |
| ജൂലൈ | 11 | ലോക ജനസംഖ്യ ദിനം |
| ജൂലൈ | 21 | ചാന്ദ്റദിനം |
| ആഗസ്റ്റ് | 26 | കർഷകദിനം |
| സെപ്റ്റം | 2 | നാളികേര ദിനം |
| സെപ്റ്റം | 16 | ഓസോൺ ദിനം |
| സെപ്റ്റം | 18 | മുളദിനം |
| നവം | 12 | പക്ഷിനിരീക്ഷണദിനം |

## ഹൃദയം

ഔരസാശയത്തിൽ മാറെല്ലിനു പിറകിലായി രണ്ടു ശ്വാസകോശങ്ങളുടെയും നടുവിൽ ഇടതുവശത്തേക്ക് അൽപ്പം ചരിഞ്ഞാണ് ഹൃദയം സ്ഥിതിചെയ്യുന്നത്. മനുഷ്യഹൃദയത്തിന് കോണിക്കൽ ആകൃതിയാണ്. ഒരാളുടെ ഹൃദത്തിന് അയാളുടെ മുഷ്ടിയോളം വലുപ്പമുണ്ട്.ഹൃദയത്തെ ആവരണം ചെയ്തു കാണപ്പെടുന്ന ഇരട്ടസ്തരമാണ് പെരികാർഡിയം.

അനഘ

ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങൾ

ഹൃദയാഘാതം
അതിരോസ്ക്ലീറോസിസ്
രക്ത സമ്മർദ്ദം




## ബാല്യകാലത്തിലെ

### മഴ

ഒരു മന്ദസ്മിതത്തിൻ പൂമെത്തയിൽ
ഒരു മന്ദമാരുതൻ തഴുകിത്തലോടവേ
പതിയെവിടർന്നൊരാ സ്വപ്നത്തിൽ
ഒന്നു നീന്തിത്തുടിക്കുവാൻ തുടങ്ങവേ
മെല്ലെയെൻ ജീവനെ തൊട്ടുണർത്തിയ
കതിർമഴ മുറ്റത്തു വിരിഞ്ഞുനിൽക്കുന്നു
ഒരുപിടിയോർമ്മകൾ വളപ്പൊട്ടുപോലെൻ
ഹൃദയത്തിലാവോളം വാരിവിതറി
ഒരുതുള്ളിക്കൊരുകുടം എന്ന കണക്കിലാ
ആർത്തിരമ്പിയ വർഷമാധുരി
ആവണിപ്പാടവും പച്ചപ്പുതപ്പണിഞ്ഞാ
കാശവീഥിയും കാർമേഘനൃത്തമായ്
ആർദ്രമെൻ മിഴികളെ കുളിർകോരിയണിയി
ച്ചിട്ടെങ്ങോ തിടുക്കത്തിൽ യാത്രയ്ക്കൊരുങ്ങി
ആദ്യമായ് അറിഞ്ഞന്നു മണ്ണിന്റെ ഗന്ധവും
സഹർഷം വിടനൽകി യാത്രമൊഴിയേകി


# കാക്കയുടെ ബുദ്ധി

ഒരിടത്തൊരിടത്ത് ഒരു കാക്ക ഉണ്ടായിരുന്നു.ഒരു ദിവസം കാക്കയ്ക്ക് ദാഹം തോന്നി. പെട്ടെന്നാണ് കിണറ്റിൻ കരയിൽ ഒരു കുടത്തിൽ ജലം കണ്ടത് . അവൾ അവിടേക്ക് പറന്നു. പക്ഷേ അതിൽ കുറച്ചു വെള്ളമേയുണ്ടായിരുന്നുള്ളൂ. അവൾക്ക് ഒരു ബുദ്ധി തോന്നി. അവൾ കല് കുടത്തിലേക്കിട്ടു.വെള്ളം പൊങ്ങി വന്നു.അങ്ങനെ അവൾ ആവോളം വെള്ളം കുടിച്ച് പറന്നകന്നു.



## യോഗ

വ്യായാമം,ശ്വാസോച്ഛ്വാസം,ശരിയായ ഭക്ഷണക്രമം,റിലാക്സേഷൻ,മെഡിറ്റേഷൻ എന്നിവയെല്ലാം സംയോജിപ്പിച്ചു കൊണ്ടുള്ളതും 5000 വർഷത്തിലധികം പഴക്കമുള്ളതുമായ ഇന്ത്യൻ തത്ത്വസംഹിതയിലൂന്നിയ ജീവിതക്രമമാണ് യോഗ.ശരീരത്തിനും മനസിനും സൗഖ്യം നേടുകയെന്നതാണ് യോഗയിലേർപ്പെടുന്നതിന്റെ ലക്ഷ്യം.രോഗങ്ങൾ വരാതിരിക്കുന്നതിനും പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും യോഗാസനങ്ങൾ വളരെയധികം സഹായിക്കുന്നു.ഉത്സാഹം നിലനിർത്താനും ഊർജം ചോർന്നുപോകാതെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെയും കൃത്യതയോടെയും നടത്താനും ദിവസേനയുള്ള യോഗ പരിശീലനത്തിലൂടെ സാധിക്കുന്നു.ഒരു ശാസ്ത്രീയ ആരോഗ്യപരിപാലന മാർഗമായി യോഗയെ ആദ്യമായി ലോകത്തിനു മുൻപിൽ അവതരിപ്പിച്ചത് പതഞ്ജലിയാണ്.കലുഷിതമായ മനസിനെ ശാന്തമാക്കി ശരീരക്ഷേമത്തിന് യോഗ ഉപയോഗിക്കാൻ കഴിയുമെന്ന മാർഗം ആദ്യമായി ആവിഷ്കരിച്ചതും അദ്ദേഹമാണ്.യോഗയെന്നത് മനസിന്റെ സ്വതന്ത്രപാതയാണ്.യോഗാഭ്യാസത്തിലൂടെ നമുക്ക് ഉത്കണ്ഠ,ഭയം,ഏകാന്തത,സമ്മർദ്ദം/പിരിമുറുക്കം എന്നിവയിൽ നിന്ന് മോചനം ലഭിക്കുന്നു.



## കരയുന്ന പൂക്കൾ

നിറയുന്ന ചിരിയോടെ വിടരുന്ന മനമോടെ
ഇതൾ നീർത്തിനിന്നൊരു പൊൻപൂക്കളേ
നിറയുവതെന്തേ നറുമിഴികൾ
നോവുന്നുവോ നിൻ നെഞ്ചകമിന്നിനി
പുലരിയിൽ സൂര്യനോടൊപ്പം ചിരിതൂകി
പുതുമഴപോലെ നീ മിഴിതുറക്കെ
അരുതാത്ത കാഴ്ച്ചകൾ കണ്ടുനിൻ കൺതടം
അറിയാതെ മിടിച്ചുവോ അകതാരൊരായിരം
എവിടെയും രോദനം,പരിഭവം പിന്നെയോ
നിറയുന്നവിദ്വേഷം എന്തിനീ ഭൂമിയിൽ
ഉറങ്ങുവാൻ, ഉണരുവാൻ ഉല്ലാസമോടെങ്ങും
ഉന്മാദനൃത്തം ചവിട്ടിടുവാൻ
നമുക്കായി നൽകി ഭൂമിയാം വരദാനം
നമുക്കെന്നും തുണയേകും ജഗദീശ്വരൻ

തളരുന്ന കരങ്ങൾക്കു ശക്തിയേകി

താരാട്ടു പാട്ടാകും ഗാനങ്ങളായി

തിങ്കളായ് താരയായ്, താമരപ്പൊയ്കയായ്

തൂവെൺചിറകെഴും കപോതമായി

ആയിരം കരങ്ങളാൽ അനുഗ്രഹം ചൊരിയുമ്പോൾ

അറിയാത്തതെന്തേ മനുജരീസത്യങ്ങൾ

നിറയുമീ പച്ചപ്പ് നമുക്കെന്ന് ചൊല്ലാം

നറുപുഞ്ചിരിയുമായ് നെഞ്ചോടു ചേർത്തിടാം

ഇനിവേണ്ടയുദ്ധം മനുഷ്യനോടും പിന്നെ

പ്രതികരിക്കാനാകുമീ പ്രകൃതിയോടും

ചിരിതൂകും പൂക്കളേ നിറസൗന്ദര്യമേ

അരികെവരൂ തരൂ അകതാരിൽ സുഗന്ധം

പകരം തരാനെൻ ഹൃദയത്തിൽ നിറയെയും

പവിത്രമാം സ്നേഹത്തിൽ നിമിഷങ്ങൾ മാത്രം

രാജി[5]

5 മാതൃക സ്കൂൾ അധ്യാപിക.

# ഗാന്ധിസാഹിത്യസംഗ്രഹം

*ഗാന്ധിജി*

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം
നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത
നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു
ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി
നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും
ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ മുഖം
സങ്കൽപ്പിച്ചു നോക്കുക,എന്നിട്ട് നിങ്ങൾ
ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക്
ഏതെങ്കിലും നേട്ടമുണ്ടാകുമോ?
അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ
മേൽ ഏതെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കി
ക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ,
നമ്മുടെ നാട്ടിൽ ആധ്യാത്മികമായും
ശാരീരികമായും പട്ടിണികിടക്കുന്ന
കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം
നേടുന്നതിന് അത് സഹായകമാകുമോ?
അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും
അഹന്ത അലിഞ്ഞുപോകുന്നതായും
നിങ്ങൾക്ക് അനുഭവപ്പെടും

## കുട്ടിക്കാലം


കൈയ്യെത്തും ദൂരെ ഒരു കുട്ടിക്കാലം
മഴവെള്ളം പൊലെ ഒരു കുട്ടികാലം
ആടി കാറ്റായോ പായും പ്രായം
അമ്മകിളിയുടെ ചിറകിലൊതുങ്ങും പ്രായം
അരയാൽ ഇലയായി നാമം ചൊല്ലും പ്രായം
കൈയ്യെത്തും ദൂരെ ഒരു കുട്ടിക്കാലം
മഴവെള്ളം പോലെ ഒരു കുട്ടിക്കാലം

-പാർവ്വതി[6]

6 ലിറ്റിൽ കൈറ്റ്സ് അംഗം.

## O. Henry

O.Henry ,pseudonym of Willam Sydeny Porter,[1862 – 1910] was an Amerian short-story writer whose tasles romanticized the life ordinary people in New York City.His stories express the effect of coincidence on character through humor grim or irony. They often have surprise endings, which become identified with his name as the O.Henry twist.




## ഉലകം ചുറ്റും തുലാത്തുമ്പികൾ

ഗ്ലോബൽ സ്കിമ്മർ എന്നറിയപ്പെടുന്ന തുലാത്തുമ്പികൾ ലോകംചുറ്റുന്ന സഞ്ചാരിത്തുമ്പികളാണ്. തുലാമാസത്തിന്റെ ആരംഭത്തോടെ കേരളത്തിലെത്തി ആഴം കുറഞ്ഞ ജലാശയങ്ങൾക്കും വയലുകൾക്കും മേലെ പറന്നുനടന്ന് കൃഷിക്കും മനുഷ്യനും ഉപദ്രവം വരുത്തുന്ന കീടങ്ങളെ ഇവ തിന്നൊടുക്കും. ഇവ വെള്ളത്തിൽ മുട്ടയിടും. ലാർവകൾ കൊതുകിന്റെ കൂത്താടികളെയും തിന്നൊടുക്കും. ലോക പരിക്രമം പൂർത്തിയാക്കുന്നത് ഒരേ തുമ്പികളായിരിക്കില്ല. അനേകം തലമുറകൾ ഈ ലോകയാത്രയ്ക്കു-ള്ളിൽ പല രാജ്യങ്ങളിലായി ഉണ്ടാകുന്നു.



## കാളകൾ

കവിത



തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കയ്യിലിരിപ്പൂ കുനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധികടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നീർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരംസഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.
ഒട്ടേറെക്കാലം മുമ്പിലച്ചെറുപഞ്ഞുക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെ,ങ്ങറിയാതെ, മൃത്യുവിൻ ഭയാനക-
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!
ഗ്രാമവീഥിയിൽ, നേരം വെളുക്കെ,ക്കുടം പേറി,
ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കുമ്പോൾ,
ഉച്ചയ്ക്കു വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ്
സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികർ ശയിക്കുമ്പോൾ;
ചാഞ്ഞിടും കരിക്കൊടിവള്ളിയിലൂഞ്ഞാലാടി-
ക്കാഞ്ഞിരമരത്തോപ്പിൽ തത്തകൾ ചിലയ്ക്കുമ്പോൾ,

-പി ഭാസ്കരൻ

പഞ്ചായത്ത് സ്കൂൾ കുളനട

## പദസഞ്ചയം

Newton's Law....15
O. Henry....26
....2
വിജയശ്രീ....4
അഹന്ത....24
ഉന്മാദനൃത്തം....22
ഏട്ടിൽ....10
കല്പ്കതരുനികരങ്ങൾ....5
കാണാച്ചെണ്ട....11
കൃഷ്ണപുരം കൊട്ടാരം....9
ഘനം....28
താമരപ്പൊയ്കയായ്....23
തുലാത്തുമ്പികൾ....27
തെങ്കടൽക്കല്ലോല....16
തെങ്കടൽക്കല്ലോലം....16
നൂതനോന്മേഷം....16
പരശതം....4
പൂർവാശയാറ്റുനോറ്റു....12
മർമ്മരങ്ങൾ;....16
യോഗ....21
വർഷമാധുരി....19
സ്മിതത്തുവൊളിയെന്യേ....12
സ്വച്ഛനിദ്ര....28
ഹൃദയം....18